# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 515

## 10.06.2014 ലെ മറുപടിക്ക്

<u>ആസ്തി വികസന ഫണ്ടിൽ നിന്നും ഒറ്റപ്പാലം നിയോജകമണ്ഡലത്തിനുള്ള വിഹിതം</u>

| ചോദ്യം<br>ശ്രീ.എം.ഹംസ എം.എൽ.എ | | ഉത്തരം<br>ശ്രീ.കെ.എം.മാണി<br>(ബഹു.ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി എത്ര തുകയാണ് സർക്കാർ 2014 –15 വർഷത്തിൽ നീക്കി വെച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ; 2011–12 , 2012–13, 2013–14 സാമ്പത്തിക വർഷത്തിൽ എത്ര തുകയാണ് അടിസ്ഥാന സൗകര്യ വികസനത്തിനായി ചെലവഴിച്ച തെന്ന് വ്യക്തമാക്കുമോ ; | ഒരു വർഷം 5 കോടിയിൽ കവിയാത്ത മേജർ വർക്കുകൾ ഓരോ നിയോജകമണ്ഡലത്തിലും നടപ്പാക്കുന്ന വിധമാണ് നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് 2012-13 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്. 2014-15 വർഷത്തിലും ഒരു നിയോജകമണ്ഡലത്തിന് 5 കോടി രൂപയാണ് അടിസ്ഥാന സൗകര്യ വികസനത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി 2012-13 വർഷത്തിൽ 857 പ്രവൃത്തികൾക്കായി 67384.10 ലക്ഷം രൂപയും 2013-14 വർഷത്തിൽ 702 പ്രവൃത്തികൾക്കായി 36991.25 ലക്ഷം രൂപയും വിനിയോഗിക്കുന്നതിന് ധനാനുമതി നൽകിയിട്ടുണ്ട്. ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ വിവിധ വകുപ്പുകളിൽ നിന്നും ശേഖരിച്ചു വരുന്നു. |
| (ബി) | മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര തുക നാളിതു വരെ ചെലവഴിച്ചു ; 2011–12, 2012–13, 2013–14 വർഷത്തെ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ ; | |
| (സി) | ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര തുക അനുവദിച്ചു; ഏതെല്ലാം പദ്ധതികൾക്കാണ്; വിശദാംശം നൽകുമോ ; | ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി 783.11 ലക്ഷം അടങ്കൽ വരുന്ന 13 പ്രവൃത്തികൾക്ക് നാളിതുവരെ ധനവകുപ്പ് അനുമതി നൽകിയിരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

| | | |
|---|---|---|
| (ഡി) | ആസ്തി വികസന പദ്ധതിയിൻ പ്രകാരം ഓരോ വർഷവും മണ്ഡലത്തിൽ അനുവദിച്ച തുക യും, ബാക്കിയുള്ള തുകയുടെ വിശദാംശവും നൽകാമോ ? | ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിൻകീഴിൽ 2012-13 സാമ്പത്തികവർഷം 500 ലക്ഷം അടങ്കൽ വരുന്ന 9 പ്രവൃത്തികളും 2013-14 സാമ്പത്തികവർഷം 200 ലക്ഷം അടങ്കൽ വരുന്ന 3 പ്രവൃത്തികളും അനുവദിച്ചിരുന്നു. 2013-14 ലെ 300 ലക്ഷം രൂപ ഇനിയും വിനിയോഗിക്കുവാനുണ്ട്. |

**സെക്ഷൻ ഓഫീസർ**

| Name of LAC | Sl No | Name of work | Estimated Amount in lakhs |
|---|---|---|---|
| **Ottappalam** | 1 | Construction of 6m span culvert and retaining wall over Manjadithodu at km 0/650 of Kundoorkunnu – karadu road in Thachanattukara Grama Panchayat | 100.00 |
| | 2 | Improvements to Vallapeedika – Perumpalapura road KM 0/000 to 0/900 in Thachanattukara Grama Panchayat | 100.00 |
| | 3 | Construction of class rooms for GUPS Manikkaparamba | 25.00 |
| | 4 | Construction of class rooms for GLPS Elumpulassery Karimpuzha | 25.00 |
| | 5 | Construction of Class rooms for GSBS Akalur | 25.00 |
| | 6 | Construction of class rooms for GSBS Pazhaya Lakkidi | 25.00 |
| | 7 | Construction of building for Govt Ayurveda Hosptial, Ottappalam | 100.00 |
| | 8 | Construction of PWD Rest house at Sreekrishnapuram – phase one. | 115.00 |
| | 9 | Construction of building for PHC Nattukal | 100.00 |
| | 10 | Construction of building for PHC Kadampazhipuram | 100.00 |
| | 11 | WSS to Akavantha in Ambalappara GP | 25.00 |
| | 12 | Improvements to Puchappadam 9th mile – Thalayanakkadu – Pookkottukavu road between 0/000 to 2/600 | 30.00 |
| | 13 | Construction of Bappuji children's park at KPIP compound, Sreekrishnapuram | 13.11 |
| | | **TOTAL** | **783.11 Lakh** |

തോമസ് ഐസക്